# 2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ




## ജി.എൽ.പി.എസ്. പറങ്കിമൂച്ചിക്കൽ

GLPS PARANKIMOOCHIKKAL

# ആമുഖം

കേരള വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ചുവടുപിടിച്ച്,വിദ്യാലയത്തിലെ എല്ലാ കുട്ടികളുടേയും സമഗ്ര വികാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തന പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ,പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി,അവരുടെ പഠനശേഷി തിരിച്ചറിഞ്ഞ് ഉയർന്ന നിലവാരത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർഥികളുടെ കഴിവുകൾ വികസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.പഠന പാഠ്യേതര പ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും ആസ്വാദ്യകരവുമായി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തി സ്കൂളിന്റെ സമഗ്ര വികസനം സാധ്യമാക്കാനും ഉതകുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ക്ലാസ് റൂമുകളുടെ അഭാവം ഈ സ്കൂളിന്റെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിൽ ഒരു വിലങ്ങു തടിയായി നിലനിൽക്കുന്നു.എന്നിരുന്നാലും കുട്ടികളുടെ അറിവുകൾ, ശേഷികൾ, മൂല്യബോധം എന്നിവ വളർത്തിയെടുക്കുക എന്നത് മുഖ്യലക്ഷ്യമായി കണ്ടുകൊണ്ടാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.



# ലക്ഷ്യങ്ങൾ

■ വിവിധ ക്ലാസുകളിലായി ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.

■പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി എഴുത്തും വായനയും പരിപോഷിപ്പിക്കുക.

■പൊതുവിജ്ഞാനം, ആനുകാലിക സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ആർജ്ജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

■ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക.

■ ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

■കുട്ടികൾക്ക് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിനുള്ള അവസരം ഒരുക്കുക.

■സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ നടത്തുക.

■പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക

■വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

■ഫീൽഡ് ട്രിപ്പുകൾ,ശില്പശാലകൾ തുടങ്ങിയ വൈവിധ്യമാർന്ന രീതികൾ പ്രയോജനപ്പെടുത്തുക.

■ സഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളിൽ സാമൂഹിക ബോധം വളർത്തിയെടുക്കുക.

■ജൈവ വൈവിധ്യ ഉദ്യാനം സംരക്ഷിക്കുന്നതിലൂടെ നിരവധി ജീവികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടുകയാണ് എന്ന അവബോധം വളർത്തിയെടുക്കുക.

■പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

■മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.



# പദ്ധതികൾ

## 'ഒപ്പം' ക്ലാസ്

കുട്ടികളിലെ ഭാഷാശേഷി വികാസത്തിനായി പ്രത്യേക ക്ലാസ് നൽകുന്നു.വിവിധ നിലവാരക്കാരായ കുട്ടികളെ പരിഗണിച്ചുകൊണ്ട് പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കുകയും ഭാഷാ വികാസത്തിനുതകുന്ന പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു. ഇതിനായി ഒഴിവുസമയം പ്രയോജനപ്പെടുത്തുന്നു.

### പ്രവർത്തന ലക്ഷ്യം

- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകുക
- വിവിധ നിലവാരക്കാരായ കുട്ടികൾക്ക് ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ പ്രത്യേക ക്ലാസുകൾ നൽകുക

### പ്രവർത്തനങ്ങൾ

- ജൂൺ രണ്ടാം വാരത്തോടെ പ്രീ ടെസ്റ്റ് നടത്തുന്നു
- മൂന്നാംവാരത്തോടെ വിവിധ നിലവാരക്കാരെ പരിഗണിച്ചുകൊണ്ട് ഒരു മണിക്കൂർ ദൈർഘ്യമുള്ള പ്രത്യേക ക്ലാസ് നൽകുന്നു.
- ഒഴിവു സമയം ഇതിനായി പ്രയോജനപ്പെടുത്തുന്നു.
- ഓരോ മാസവും വിലയിരുത്തൽ നടത്തുന്നു
- സി.പി.ടി.എ നടത്തുന്നു.
- പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു

ചുമതല -ക്ലാസ് അധ്യാപകർ

**കാലയളവ് - ജൂൺ മുതൽ മാർച്ച് വരെ**





# 🔰🔰ടാലൻറ് ക്ലബ്ബ്

പൊതുവിജ്ഞാനത്തിലും ആനുകാലിക സംഭവങ്ങളിലുമുള്ള കുട്ടികളുടെ അറിവുകൾ വർദ്ധിപ്പിക്കാനായി മുൻവർഷങ്ങളിലായി നടത്തിവരുന്ന പദ്ധതിയാണ് ടാലൻറ് ക്ലബ്ബ് .ഇതിലൂടെ കുട്ടികളിൽ പൊതു വിജ്ഞാനത്തിലും ആനുകാലിക സംഭവങ്ങളിലും അന്വേഷണാത്മക ചിന്താഗതി വളർത്തിയെടുക്കാൻ സാധിക്കുന്നു.

## പ്രവർത്തന ലക്ഷ്യം

- കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിച്ച് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാക്കുക.
- ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട അറിവ് നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

- ഓരോ മാസവും പൊതുവിജ്ഞാനം,ആനുകാലിക സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ ചോദ്യോത്തരങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു.കുട്ടികൾക്ക് നൽകുന്നു.
- ഓരോ മാസത്തിലും ടെസ്റ്റ് നടത്തുന്നു.
- ഫസ്റ്റ്, സെക്കന്റ് കിട്ടിയ കുട്ടികൾക്ക് സമ്മാനം നൽകുന്നു.
- മാർച്ച് മാസത്തിൽ മെഗാ ക്വിസ് കോമ്പറ്റീഷൻ നടത്തുന്നു.

**ചുമതല -അധ്യാപകർ**

**കാലയളവ് -ജൂൺ മുതൽ മാർച്ച് വരെ**





## MY WORD COLLECTIONS

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ മുൻ വർഷങ്ങളിൽ ആരംഭിച്ച സ്കൂളിന്റെ തനത് പ്രവർത്തനമാണ് 'മൈ വേഡ് കളക്ഷൻസ്'.കുട്ടികൾ പൊതുവായി അറിഞ്ഞിരിക്കേണ്ട വാക്കുകളും പാഠപുസ്തകത്തിലുള്ള വാക്കുകളും ആണ് ഇതിൽ പ്രയോജനപ്പെടുത്തുന്നത് .ഇതിലൂടെ കുട്ടികളിൽ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയുന്നു.

## പ്രവർത്തന ലക്ഷ്യം

- കുട്ടികളിൽ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക
- ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം വളർത്തുക

## പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിലേയും കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള വാക്കുകൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു.
- ഓരോ ആഴ്ചയിലും വാക്കുകൾ നൽകുന്നു.
- സ്പെല്ലിംഗ് പഠിക്കുന്നു.
- മാസത്തിൽ ടെസ്റ്റ് നടത്തുന്നു.
- ഫൈനൽ എക്സാം മാർച്ച് മാസത്തിൽ നടത്തുന്നു.

**കാലയളവ് -- ജൂൺ മുതൽ മാർച്ച് വരെ**









## SPOKEN ENGLISH

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയോടുള്ള വിമുഖത ഒഴിവാക്കി.ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ താൽപര്യം വളർത്താനായി ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് .ഇതിനായി ഈ മേഖലയിൽ പ്രഗൽഭരായ വ്യക്തികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് താല്പര്യമുള്ള കുട്ടികൾക്ക് അവധി ദിവസങ്ങളിൽ ക്ലാസ് നൽകുന്നു.

## പ്രവർത്തന ലക്ഷ്യം

- ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ആർജ്ജിച്ച അറിവുകൾ പ്രയോഗിക്കാനുള്ള ഇടം ഒരുക്കുക.

## പ്രവർത്തനങ്ങൾ

- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസിന് താല്പര്യമുള്ള കുട്ടികളെ സെലക്ട് ചെയ്യുന്നു.
- പ്രഗൽഭരായ അധ്യാപകരെ കണ്ടെത്തുന്നു
- അവധി ദിവസങ്ങളിൽ നിശ്ചിതസമയം ക്ലാസ് നൽകുന്നു

ചുമതല -SRG

സാമ്പത്തികം PTA

**കാലയളവ് -ഒക്ടോബർ മുതൽ മാർച്ച് വരെ**





# 🔰🔰ദിനാചരണങ്ങൾ

മനുഷ്യന്റെ സാമൂഹ്യ ജീവിതത്തിൽ ഓരോ ദിവസത്തിനും പ്രത്യേക പ്രസക്തിയുണ്ട്.പരിസ്ഥിതിസംരക്ഷണം,സാംസ്കാരിക പാരമ്പര്യം,മനുഷ്യാവകാശം,ആരോഗ്യ ജാഗ്രത എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് ദിനാചരണങ്ങൾ വലിയ പങ്കുവഹിക്കുന്നു

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ സഹപ്രവർത്തനം, നേതൃഗുണംഎന്നിവ വളർത്തിയെടുക്കുന്നതിന്
- രാജ്യത്തിൻറെ സാംസ്കാരിക പാരമ്പര്യം മനസ്സിലാക്കുന്നതിനും മഹത് വ്യക്തികളുടെ ജീവിതാശയങ്ങൾ മനസ്സിലാക്കുന്നതിനും
- നമ്മുടെ പരിസ്ഥിതിയെ നാം സംരക്ഷിക്കേണ്ടതാണ് എന്ന അവബോധം വളർത്തുന്നതിന്

### 2025-26 അധ്യയന വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദിനാചരണങ്ങൾ

- പരിസ്ഥിതി ദിനം
- വായന ദിനം
- ലഹരി വിരുദ്ധ ദിനം
- ബഷീർ ദിനം
- ചാന്ദ്രദിനം
- സ്വാതന്ത്ര്യ ദിനം
- ഹിരോഷിമ ദിനം
- ഗാന്ധിജയന്തി
- ദേശീയ തപാൽ ദിനം
- ഭക്ഷ്യ ദിനം
- വിവിധ ആഘോഷങ്ങൾ
- കേരളപ്പിറവി
- പക്ഷിനിരീക്ഷണ ദിനം
- ശിശുദിനം
- ഭിന്നശേഷി ദിനം
- കയ്യെഴുത്ത് ദിനം
- അറബി ഭാഷ ദിനം
- റിപ്പബ്ലിക് ദിനം
- മാതൃഭാഷ ദിനം
- ശാസ്ത്രദിനം
- വന ദിനം
- ജല ദിനം

# 🔰🔰അറബിക് ക്വിസ്

വിദ്യാർത്ഥികളിൽ അറബി ഭാഷ പഠനം കൂടുതൽ മികവുറ്റതാക്കാൻ എല്ലാമാസവും അറബിക് ക്വിസ് മത്സരം നടത്തുന്നു.അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും അറബിഭാഷയുമായി ബന്ധപ്പെട്ട വിവരങ്ങളുമാണ് ഇതിൽ നൽകുന്നത്

## പ്രവർത്തന ലക്ഷ്യം

- വിദ്യാർത്ഥികളിൽ അറബി ഭാഷാ പഠനം കൂടുതൽ മികവുറ്റതാക്കുക
- വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ കുട്ടികളെ സജ്ജരാക്കുക

## പ്രവർത്തനങ്ങൾ

- ഓരോ മാസവും പൊതുവിജ്ഞാനവുമായും അറബി പാഠഭാഗവുമായും ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ നൽകുന്നു.
- മാസാവസാനം ടെസ്റ്റ് നടത്തി വിജയികളെ കണ്ടെത്തുന്നു.

**ചുമതല- അറബിക് അധ്യാപകർ**

**കാലയളവ് -- ജൂൺ മുതൽ മാർച്ച് വരെ**



## 🔰🔰 ഗൃഹ സന്ദർശനം

കുട്ടികളുടെ പഠനനിലവാരം അവരുടെ സാമൂഹിക ചുറ്റുപാടിനെ കൂടി ആശ്രയിച്ചിരിക്കുന്നു. കുട്ടികളുടെ സാമൂഹിക ,സാമ്പത്തിക സ്ഥിതിയെക്കുറിച്ച് മനസ്സിലാക്കാനായി അധ്യാപകരുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തുന്നു.

### പ്രവർത്തന ലക്ഷ്യം

- കുട്ടികളുടെ സാമൂഹിക ചുറ്റുപാട് മനസ്സിലാക്കുക.
- പഠനനിലവാരത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുക.

### പ്രവർത്തനങ്ങൾ

- കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നു.
- അവധി ദിവസങ്ങളിൽ അധ്യാപകർ ടീമായി ഗൃഹ സന്ദർശനം നടത്തുന്നു
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകൾ മനസ്സിലാക്കി പഠന നിലവാരത്തെ ബാധിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നു.
- പരിഹാരപ്രവർത്തനങ്ങൾ നടത്തുന്നു.

**ചുമതല - ക്ലാസ് അധ്യാപകർ**

**സാമ്പത്തികം സ്റ്റാഫ് ഫണ്ട്**

**കാലയളവ് ജൂൺ,ജൂലായ്,ഓഗസ്റ്റ് ,സെപ്റ്റംബർ**






## 🔰🔰സഹവാസ ക്യാമ്പ്

കുട്ടികളിൽ സാമൂഹിക വികാസം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഏകദിന സഹവാസ ക്യാമ്പ് നടത്തുന്നു. പാഠ്യേതര പ്രവർത്തനങ്ങളോടൊപ്പം വാനനിരീക്ഷണം പോലെയുള്ള പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നു.

### പ്രവർത്തന ലക്ഷ്യം

- കുട്ടികളിൽ സാമൂഹിക വികാസം സാധ്യമാക്കുക.
- സമൂഹത്തിലെ ഒരംഗം എന്ന നിലയിൽ തന്റെ കർത്തവ്യങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുക

### പ്രവർത്തനങ്ങൾ

- ഏകദിന സഹവാസ ക്യാമ്പിൽ ഉൾപ്പെടുത്തേണ്ട മേഖലകൾ സെലക്ട് ചെയ്യുന്നു
- ഓരോ മേഖലയിലും പ്രാവീണ്യമുള്ള വ്യക്തികളെ കണ്ടെത്തുന്നു
- താല്പര്യമുള്ള കുട്ടികളെ സെലക്ട് ചെയ്യുന്നു
- സഹവാസ ക്യാമ്പ് നടത്തുന്നു
- വിലയിരുത്തൽ നടത്തുന്നു

**ചുമതല -PTA,HM**
**സാമ്പത്തികം-PTA**

## ഡിസംബർ









# ലൈബ്രറി ശാക്തീകരണം

കുട്ടികളിൽ വായനാശീലം വളർത്താനായി സ്കൂൾ ലൈബ്രറി ,ക്ലാസ്സ് ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.ഇതിനായി സ്കൂൾ തലത്തിലും ക്ലാസ് തലത്തിലും വായനയുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങൾ നടത്തുകയും വിജയികളെ കണ്ടെത്തുകയും ചെയ്യുന്നു.

## പ്രവർത്തന ലക്ഷ്യം

- വായനശീലം വളർത്തിയെടുക്കുക
- സ്വതന്ത്ര രചനക്കുള്ള അവസരം ഒരുക്കുക

## പ്രവർത്തനങ്ങൾ

- വായനദിനത്തോടെ ലൈബ്രറി ശാക്തീകരണ പരിപാടികൾ ആരംഭിക്കുന്നു.
- ക്ലാസ് തലത്തിൽ വായന മത്സരം സംഘടിപ്പിക്കുന്നു.
- പുസ്തകം പിറന്നാൾ സമ്മാനം
- ഫീൽഡ് ട്രിപ്പ് [വായനശാല]
- വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
- ലൈബ്രറിയിൽ നിന്നും ഏറ്റവും കൂടുതൽ ബുക്ക് വായിച്ച് മികച്ച വായനാക്കുറിപ്പ് തയ്യാറാക്കിയ കുട്ടികൾക്ക് സമ്മാനം നൽകുന്നു.
- മലയാളത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാരെ ഡിജിറ്റൽ ഡോക്യുമെന്ററിയിലൂടെ പരിചയപ്പെടുത്തുന്നു.
- സ്വന്തമായി കഥകൾ, കവിതകൾ എന്നിവ രചിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് നൽകുന്നു

**ചുമതല ക്ലാസ് അധ്യാപകർ**

**കാലയളവ് ജൂൺ മുതൽ മാർച്ച് വരെ**







# 🔰🔰ഹരിതക്ലബ്ബ് രൂപീകരണം



മാലിന്യ മുക്ത വിദ്യാലയം,ഹരിത വിദ്യാലയം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനായി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിത ക്ലബ് രൂപീകരിക്കുന്നു.വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## പ്രവർത്തന ലക്ഷ്യം

- മാലിന്യ മുക്ത വിദ്യാലയം
- ഹരിത വിദ്യാലയം

## പ്രവർത്തനങ്ങൾ

- ഹരിത ക്ലബ്ബ് രൂപീകരണം
- ക്ലബ്ബിലെ അംഗങ്ങൾക്ക് ചുമതലകൾ നൽകൽ
- ക്ലാസ് റൂം ശുചിത്വം വിലയിരുത്താനായി പ്രത്യേക ടീം സജ്ജമാക്കുന്നു.
- ഓരോ ക്ലാസ്സിനും ശുചിത്വ നിലവാരത്തിനനുസരിച്ച് ഗ്രേഡുകൾ നൽകുന്നു.
- മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന ക്ലാസിന് സമ്മാനം നൽകുന്നു
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന കാഴ്ചപ്പാടോടെ സ്കൂളിൽ പ്ലാസ്റ്റിക് കവറുകൾ നിരോധിക്കുന്നു.
- പൂന്തോട്ട നവീകരണം
- ഹരിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വീടുകളിൽ സർവ്വെ

**ചുമതല -ഹരിത ക്ലബ്ബ്**

**കാലയളവ് ജൂൺ മുതൽ മാർച്ച് വരെ**

## 🔰🔰ബോധവൽക്കരണ ക്ലാസ്

ഓരോ കുട്ടിയുടെയും ഭാവി തീരുമാനിക്കുന്നതിൽ വിദ്യാലയത്തിനെന്ന പോലെ രക്ഷിതാക്കൾക്കും പങ്കുണ്ട്.കുട്ടികളുടെ കുടുംബാന്തരീക്ഷം സ്വഭാവരൂപീകരണത്തിൽ നിർണായകമാണ്. കുട്ടികളോട് രക്ഷിതാക്കൾ പെരുമാറേണ്ട രീതിയെകുറിച്ച് അവബോധം നൽകാനായി വിദഗ്ധ അധ്യാപകരുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നൽകുന്നു.

## 🔰🔰ഫീൽഡ് ട്രിപ്പുകൾ

വിവിധ ക്ലാസുകളിലെ നിർദിഷ്ട പാഠഭാഗവുമായി ബന്ധപ്പെട്ടും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

## 🔰🔰ബാലസഭ

കുട്ടികളിലെ വിവിധ കലാപ്രകടനങ്ങൾ കാഴ്ചവെക്കാനുള്ള വേദി [ബാലസഭ] ഓരോ മാസവും ഒരുക്കുന്നു

## 🔰🔰സ്കൂൾ ഇലക്ഷൻ

കുട്ടികളിൽ ജനാധിപത്യ സംവിധാനത്തെ കുറിച്ചുള്ള അറിവ് വളർത്താനായി സ്കൂൾ ഇലക്ഷൻ നടത്തുന്നു

## 🔰🔰പഠനോത്സവം

കുട്ടികൾ സ്വായത്തമാക്കിയ പഠനാനുഭവങ്ങളുടെ നേർക്കാഴ്ച സമൂഹത്തിന് മുമ്പിൽ പ്രകടമാക്കാൻ പഠനോത്സവം നടത്തുന്നു.

## 🔰🔰എയറോബിക്സ്

കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾതലത്തിൽ എയറോബിക്സ് ടീമിനെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ടീമിന്റെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാ കുട്ടികൾക്കും പരിശീലനം നൽകുന്നു.